# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3037 18/06/2019-ൽ മറുപടിക്ക്

## അപ്പർപ്രൈമറി സ്കൂളുകളിൽ ക്ലർക്കിനെ നിയമിക്കുന്നതിന് നടപടി

| ചോദ്യം<br>**ശ്രീ.ആർ. രാമചന്ദ്രൻ** | മറുപടി<br>**പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) അഞ്ഞൂറ് വിദ്യാർത്ഥികളിലധികം പഠിക്കുന്ന അപ്പർപ്രൈമറി സ്കൂളുകളിൽ ഓഫീസ് നടപടികളിൽ ഹെഡ്മിസ്ട്രസിനെ സഹായിക്കുന്നതിന് ഒരു ക്ലർക്കിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | എ) നിലവിൽ പരിഗണനയിലില്ല |
| ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ഗവ. അപ്പർ പ്രൈമറി വിദ്യാലയങ്ങളിലാണ് ഒരു ഹെഡ് ടീച്ചറെ അദ്ധ്യാപക ബാങ്കിൽ നിന്ന് നിയമിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 5 (iv) പ്രകാരം (5)മുതൽ (7) വരെ സ്റ്റാൻഡേർഡുകളുള്ള ഒരു അപ്പർ പ്രൈമറി സ്കൂളിലെ കുട്ടികളുടെ അംഗബലം 100-ൽ കവിയുകയോ (1) മുതൽ (7) വരെ സ്റ്റാൻഡേർഡുകളുള്ള ഒരു സ്കൂളിലെ കുട്ടികളുടെ അംഗബലം (1) മുതൽ (5) വരെ സ്റ്റാൻഡുകളിൽ 150-ൽ കൂടുകയോ (5) മുതൽ (7) വരെ സ്റ്റാൻഡേർഡുകളിൽ 100-ൽ കൂടുകയോ ചെയ്താൽ ഹെഡ്മാസ്റ്ററെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അങ്ങനെ ഒഴിവാകുമ്പോൾ അത്തരം സ്കൂളുകളിൽ ഒരു യു.പി. സ്കൂൾ |

അസിസ്റ്റന്റിന്റെ തസ്തിക കൂടി ലഭിക്കുന്നതാണ്.

ഇത്തരം തസ്തികകളിൽ KER അദ്ധ്യായം XXI ചട്ടം (2) പ്രകാരം അദ്ധ്യാപക ബാങ്കിൽ നിന്നുമാണ് നിയമനം നടത്തേണ്ടത്.

GO(P) No. 29/16/പൊ.വി.വി. പ്രകാരം സർക്കാർ സർവ്വീസിൽ അധികമായി വരുന്ന അദ്ധ്യാപകരെ സർക്കാർ സ്കൂളിലെ ഹെഡ് ടീച്ചർ വേക്കൻസിയിലും എയ്ഡഡ് സ്കൂളിലെ സംരക്ഷിത അദ്ധ്യാപകരെ എയ്ഡഡ് സ്കൂളിലെ ഹെഡ് ടീച്ചർ വേക്കൻസിയിലും പുനർവിന്യസിക്കുവാൻ ഉത്തരവായിരുന്നു.

| | | | |
|---|---|---|---|
| സി) | ഇത്തരത്തിൽ അദ്ധ്യാപക ബാങ്കിൽ നിന്നുള്ള അദ്ധ്യാപകരുടെ പുനർവിന്യാസം പൂർത്തീകരിച്ചിട്ടുണ്ടോ വിശദീകരിക്കുമോ? | സി) | കെ.ഇ.ആർ ഭേദഗതി സംബന്ധിച്ച കേസുകളിൽ തൽസ്ഥിതി തുടരുവാൻ 11-10-2017-ലെ ബഹു: ഹൈക്കോടതി ഇടക്കാല ഉത്തരവ് നിലനിൽക്കുന്നതു മൂലം പുനർവിന്യാസം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ